ഉത്തരം

(എ&ബി) ഓവർബ്രിഡ്ജ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഡ്രാഫ്റ്റ് ഡിക്ലറേഷൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. സ്ഥലം ഏറ്റെടുത്തതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(സി) സ്ഥലം ലഭിക്കുകയാണെങ്കിൽ 2011 ജനുവരിയിൽ ടെണ്ടർ ചെയ്യുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ് നെല്ലിക്കുന്ന് പാലം പുനർനിർമ്മാണം

183 (2283) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാസർഗോഡ്, കടപ്പുറത്ത് ജീർണ്ണിച്ച് അപകടാവസ്ഥയിലായ നെല്ലിക്കുന്ന് പാലം പുനർനിർമ്മിക്കാൻ എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലം വിഷൻ 2010-ൽ ഉൾപ്പെടുത്താൻ എന്നാണ് ശിപാർശ ചെയ്തത് ; ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് എത്രയാണെന്നും എന്നത്തേക്ക് പുതുക്കിപ്പണിയാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട് 2010-11 വർഷത്തെ ബഡ്ജറ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട് പ്രസ്തുത പ്രവൃത്തിക്ക് 512.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ഈ പ്രവൃത്തിയുടെ അടങ്കൽ ഒരു കോടിയിലധികമായതിനാൽ വിഷൻ 2010-ൽ ഉൾപ്പെടുത്തുകയുണ്ടായില്ല.

(സി) 2010 SOR അനുസരിച്ച് എസ്റ്റിമേറ്റ് തുക 512 ലക്ഷം രൂപയാണ്. ആവശ്യമായ ഫണ്ട് ലഭ്യമാകുകയും ഭരണാനുമതി നൽകുകയും ചെയ്തു കഴിഞ്ഞുമാത്രമേ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളു.

മായിപ്പാടി പാലം

184 (2284) ശ്രീ. മുരളി പെരുന്നെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കാസർഗോഡ്, മാധൂർ പഞ്ചായത്തിലെ മായിപ്പാടി പാലം അപകടാവസ്ഥയിലാണെന്നതിനാൽ പുതുക്കി പണിയേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ഡി) എന്നത്തേക്ക് പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) അപകടനിലയിലായ ഒരു ഡക്ക് സ്ലാബ് പുതുക്കി പണിയുന്നതിനും മറ്റ് അറ്റകുറ്റപ്രവൃത്തികൾക്കുമുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 60 ലക്ഷം രൂപയോളം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിച്ചതിനുശേഷമേ പണി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയുള്ളൂ.

മൊയ്തു പാലവും പഴയങ്ങാടി പാലവും

85 (2285) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മൊയ്തു പാലവും പഴയങ്ങാടി പാലവും അപകടാവസ്ഥയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഈ പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) അപകടാവസ്ഥയിലായ മൊയ്തു പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ 2010-11 വാർഷിക പദ്ധതിയിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് 303.75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ഫാസ്റ്റ് ട്രാക്കിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിന് സർവ്വെ നടപടികൾ പൂർത്തിയായി. വില നിശ്ചയിക്കുന്ന പ്രക്രിയ പുരോഗതിയിലാണ്. പുതിയ പാലം നിർമ്മിക്കുന്നതിന് 16.90 കോടി രൂപയുടെ അടങ്കൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly